## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 6765 — 08.11.2016 ൽ മറുപടിയ്ക്ക്

### കാസർഗോഡ് ബീച്ചുമായി ബന്ധപ്പെട്ട ടൂറിസം വകുപ്പ് പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | ശ്രീ.എ.സി.മൊയ്തീൻ<br>[സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി] |
| [എ] ഉൽസവ കാലങ്ങളിലും, അവധി ദിവസങ്ങളിലും ധാരാളം സന്ദർശകരെത്തുന്ന കാസർഗോഡ് ബീച്ചിൽ ടൂറിസം വകുപ്പ് ഇതുവരെഎന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | [എ] കാസർഗോഡ് ബീച്ച് സന്ദർശിക്കുന്നവർക്കായി വഴിവിളക്കുകൾ, പാർക്കിംഗ് സൗകര്യം, കുടിവെള്ളം, എന്നീ അടിസ്ഥാന സൗകര്യങ്ങളും മാലിന്യ നിയന്ത്രണത്തിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ ടൂറിസ്റ്റുകളുടെ സുരക്ഷിതത്വത്തിനായി ലൈഫ് ഗാർഡുകളുടെയും, ടൂറിസം പോലീസിന്റെയും സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രീൻ കാർപെറ്റ് പദ്ധതിയുടെ ഭാഗമായി പ്രസ്തുത ടൂറിസം കേന്ദ്രത്തിന്റെ പരിപാലനത്തിന്റെ മേൽനോട്ട ചുമതല നിർവ്വഹിക്കുന്നതിന് ഡെസ്റ്റിനേഷൻ മാനേജർമാരെയും വകുപ്പ് നിയമിച്ചിട്ടുണ്ട്. |
| (ബി) ടൂറിസ്റ്റുകളെയും, സന്ദർശകരേയും ആകർഷിക്കാൻ അനിവാര്യമായിട്ടുള്ള റോഡുകൾ ടൂറിസം വകുപ്പ് നിർമ്മിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) റോഡുകൾ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ളതല്ല. റോഡുകൾ നിർമ്മിക്കുന്നത് പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകൾ മുഖേന ആണ്. എന്നാൽ ടൂറിസം കേന്ദ്രങ്ങളിലുള്ള ചില റോഡുകൾ ടൂറിസം വകുപ്പിന്റെ ധനസഹായത്താൽ പുനരുദ്ധരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ കാസർഗോഡ് ബീച്ചിലും, സമീപ പ്രദേശങ്ങളിലുമുള്ള ഏതെങ്കിലും റോഡ് ടൂറിസം വകുപ്പ് നിർമ്മിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | കാസർഗോഡ് ബീച്ചിലും, പ്രാന്ത പ്രദേശങ്ങളിലുമുള്ള ഏതെങ്കിലും റോഡ് ടൂറിസം വകുപ്പ് ഏറ്റെടുക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ